പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3131

19-06-2018 ൽ മറുപടിക്ക്

## സോയിൽ കൺസർവേഷൻ വകുപ്പ് പട്ടാമ്പിയിൽ നടപ്പിലാക്കിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. മുഹമ്മദ് മുഹസിൻ .പി

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സോയിൽ കൺസർവേഷൻ വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പട്ടാമ്പി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നീർത്തട വികസന പദ്ധതിയിൽ (11-ാം പദ്ധതി) ഉൾപ്പെടുത്തി വല്ലപ്പുഴ നീർത്തട പദ്ധതിയും നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ചെമ്പ്രത്തോട് നീർത്തട പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൻ കീഴിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കഴിഞ്ഞ് പത്തു വർഷത്തിനുള്ളിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ മുതുതല, ഓങ്ങല്ലൂർ, തിരുവേഗപ്പുറ, കുലുക്കല്ലൂർ, കൊപ്പം, വിളയൂർ, വല്ലപ്പുഴ, എന്നീ ഗ്രാമപഞ്ചായത്തുകളിലും പട്ടാമ്പി മുനിസിപ്പാലിറ്റിയിലും ആയി 17581 ഹെക്ടർ പ്രദേശത്ത് വിശദമായ മണ്ണു പര്യവേക്ഷണം നടത്തുകയും ഓങ്ങല്ലൂർ, തിരുവേഗപ്പുറ, കുലുക്കല്ലൂർ, കൊപ്പം, വിളയൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ മണ്ണു ഭൂവിനിയോഗ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ 2015-17 കാലയളവിൽ ഓങ്ങല്ലൂർ, കുലുക്കല്ലൂർ, വല്ലപ്പുഴ എന്നീ പഞ്ചായത്തുകളിലെ 5390 കർഷകർക്ക് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |

<table>
<tr>
<td>(ബി)</td>
<td>ഏതെല്ലാം പദ്ധതികളാണ് ഈ വർഷം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td>
<td>(ബി)</td>
<td>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 5.89 കോടി രൂപ അടങ്കലുള്ള "കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതി" നബാർഡിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ പട്ടാമ്പി നിയോജക മണ്ഡലത്തിലെ 2 കുളങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>കുളത്തിന്റെ പേര്</th><th>പഞ്ചായത്ത്</th><th>തുക (ലക്ഷം)</th></tr>
<tr><td>1</td><td>പുതുകുളം</td><td>ഓങ്ങല്ലൂർ</td><td>43.80</td></tr>
<tr><td>2</td><td>നീലികുളം</td><td>കുലുക്കല്ലൂർ</td><td>60.50</td></tr>
</table>
മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന 2018-19 സാമ്പത്തിക വർഷത്തിൽ മുതുതല, വല്ലപ്പുഴ ഗ്രാമപഞ്ചായത്തുകളുടെയും പട്ടാമ്പി മുനിസിപ്പാലിറ്റിയുടെയും മണ്ണ് ഭൂവിനിയോഗ റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി | പദ്ധതി കാലഘട്ടം | പഞ്ചായത്ത് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വല്ലപ്പുഴ നീർത്തടം | ദേശീയ നീർത്തട വികസന പദ്ധതി (11-ാം പദ്ധതി) | 2008-2013 | വല്ലപ്പുഴ | 54.45 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. |
| 2 | ചെമ്പ്രത്തോട് നീർത്തടം | ആർ.ഐ.ഡി.എഫ്-19 | 2014-2017 | തിരുവേഗപ്പുറ | 61.12 ലക്ഷം രൂപ ചെലവഴിച്ച് 208 ഹെക്ടർ പ്രദേശം സംരക്ഷിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ